LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജലപാത പ്രാവർത്തികമാക്കുന്നതിന് നടപടി

26 (*27) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി ദേശീയ ജലപാത പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എവിടെ മുതൽ എവിടെവരെയുള്ള ജലപാതയ്ക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(സി) കോവളം-നീലേശ്വരം ജലപാത പ്രാവർത്തികമാക്കുന്നതിനുള്ള ഏതൊക്കെ നടപടികൾ ഇതിനോടകം സ്വീകരിച്ചു ;

(ഡി) കോവളം-നീലേശ്വരം ജലപാത എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) കോവളം മുതൽ കൊല്ലംവരെയുള്ള 74 കി.മീ. സംസ്ഥാന ജലപാതയ്ക്കും കൊടുങ്ങല്ലൂർ മുതൽ നീലേശ്വരംവരെയുള്ള 348 കി.മീ. സംസ്ഥാന പാതയ്ക്കുമാണ് അനുമതി നൽകിയത്.

(സി) സംസ്ഥാന ജലപാതയുടെ വികസനത്തിനായി 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 198.938 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾകാരണം പല പ്രവൃത്തികളും ഏറ്റെടുത്തു നടത്തുവാനോ ഏറ്റെടുത്തവ മുഴുവൻ പൂർത്തീകരിക്കാനോ സാധിച്ചിട്ടില്ല. ഏറ്റെടുത്തുനടത്താൻ സാധിക്കാത്തവ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജലസേചന വകുപ്പും, ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയും (IWAI) പദ്ധതി പ്രാവർത്തികമാക്കുവാൻവേണ്ടി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വടകര മുതൽ കാട്ടാമ്പള്ളിവരെയുള്ള ഭാഗത്ത് 4 ഇടങ്ങളിലായി 48 കി.മീ. ഭാഗം കനാൽ നിർമ്മിക്കേണ്ടതുണ്ട്. ഇതിൽ വടകര-മാഹി ഭാഗത്ത് 17.4 കി.മീ. ഭാഗം സ്ഥലം ഉണ്ട്. ബാക്കി 3 ഇടങ്ങളിൽ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. സ്ഥലലഭ്യതയും ഏറ്റെടുക്കലും പൂർത്തിയായാൽ മാത്രമേ പദ്ധതി പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

ജനിതക വിത്ത് കൃഷി ചെയ്യുന്നതുസംബന്ധിച്ച പഠനങ്ങൾ

28 (*28) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനിതക വിത്ത് കൃഷിചെയ്യുന്നത് സംബന്ധിച്ച് നിലപാട് സ്വീകരിക്കുന്നതിനായി എന്തൊക്കെ പഠനങ്ങൾനടത്തി എന്ന് വിശദമാക്കുമോ ;